**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4278** | **18-03-2025 - ൽ മറുപടിയ്ക്ക്**

**തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി (2851-00-102-33 ബജറ്റ് ശീർഷകം) 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചുവെന്നും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (എ) | തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി (2851-00-102-33 ബജറ്റ് ശീർഷകം) 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>"തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി"ക്കും "ടേം ലോണിനും പ്രവർത്തന മൂലധന വായ്പയ്ക്കും പലിശ ഇളവ് നൽകുന്ന പദ്ധതി" ക്കും 2022-23 സാമ്പത്തിക വർഷം ഒരേ ബജറ്റ് ശീർഷകത്തിൽ നിന്ന് (2851-00-102-33) ആണ് തുക വകയിരുത്തിയിരുന്നത്. "ടേം ലോണിനും പ്രവർത്തന മൂലധന വായ്പയ്ക്കും പലിശ ഇളവ് നൽകുന്ന പദ്ധതി" പ്രകാരം 2,12,84,417/- രൂപയും തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" പ്രകാരം 3,28,146/- രൂപയുമായി ആകെ 2,16,12,563/- (രണ്ട് കോടി പതിനാറ് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ബജറ്റ് പുന: ക്രമീകരണത്തിനു ശേഷം ലഭ്യമാക്കിയ 3.5 കോടി രൂപയിൽ 61.75% തുക ആകെ ചെലവഴിച്ചിട്ടുണ്ട്. അതിൽ 0.94% തുക തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" ക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം 2851-00-102-33 ബജറ്റ് ശീർഷകത്തിൽ "തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" ക്കായി 1.5 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ ടി |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിച്ചിട്ടില്ല.<br><br>2024-25 സാമ്പത്തിക വർഷം 2851-00-102-33 ബജറ്റ് ശീർഷകത്തിൽ “തകർച്ച നേരിടുന്ന (Stressed എം.എസ്.എം.ഇ-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ-കൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി”ക്കായി പ്ലാൻ പ്രിയോറിറ്റൈസേഷൻ പ്രകാരം 50 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. ആയതിൽ തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനു നാളിതുവരെ Rs. 8,70,947 രൂപ (17.41 %) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ